# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5480** 1.07.2019-**ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി.യുടെ സ്ട്രീറ്റ് ലൈറ്റുകൾ

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.യുടെ സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിത സമയം പ്രകാശിപ്പിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ പ്രവർത്തിക്കാത്തതുമൂലം 24 മണിക്കൂറും ലൈറ്റുകൾ കത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യ്ക്ക് പ്രതിവർഷം ഉണ്ടാകുന്ന ശരാശരി വൈദ്യുതി നഷ്ടം എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | നിലവിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ സ്ട്രീറ്റ് ലൈറ്റ് കണക്ഷനുകൾ രണ്ടു തരത്തിലാണുള്ളത്. മീറ്ററുകൾ ഘടിപ്പിച്ചിട്ടുള്ള കണക്ഷനുകളും മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്തവയും. മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ ബില്ലിംഗ്, സ്ട്രീറ്റ് ലൈറ്റിന്റെ ഇനത്തിന്റെയും വാട്ടേജിന്റെയും ഉപയോഗിക്കുന്ന മണിക്കൂറിന്റെയും അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.<br>സ്ട്രീറ്റ് ലൈറ്റുകൾ അനാവശ്യമായി കത്തികിടക്കുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടില്ല.<br>സപ്ലൈ കോഡ് അനുശാസിക്കുന്നത് പ്രകാരം എല്ലാ സ്ട്രീറ്റ് ലൈറ്റുകളിലും മീറ്ററുകൾ ഘടിപ്പിച്ച് കൃത്യമായി ഉപഭോഗമനുസരിച്ചുള്ള ചാർജ്ജ് ഈടാക്കുവാനും ഇപ്രകാരം ഊർജ്ജ ദുർവ്യയം നിരുൽസാഹപ്പെടുത്താനുള്ള നടപടികളാണ് ബോർഡ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ മീറ്റർ ചെയ്യപ്പെടുന്ന സ്ട്രീറ്റ് ലൈറ്റുകൾ കൺട്രോളറുകളുടെ കേടുപാടുകൾ കാരണം കത്തികിടക്കുന്നത് ഒഴിവാക്കാനായി താമസം വിനാ അവ മാറ്റി സ്ഥാപിക്കുകയോ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുകയോ ഫ്യൂസുകൾ ഘടിപ്പിച്ചിട്ടുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്ത് വൈദ്യുതി നഷ്ടം വരാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | ഇതുമൂലം ശരാശരി എത്ര കോടി രൂപയുടെ നഷ്ടം കെ. എസ് .ഇ. ബി. യ്ക്ക് വരുന്നുവെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | വൈദ്യുതി വിതരണരംഗത്ത് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനം പ്രസരണത്തിലൂടെ നഷ്ടമാകുന്നു; ആയത് എത്ര മെഗാവാട്ട്; ഇതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നു; വിശദമാക്കുമോ; | (സി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ പ്രസരണ വിതരണ നഷ്ടം 2017-18 സാമ്പത്തികവർഷം 13.07 ശതമാനം ആയിരുന്നു. ആകെ 3181.61 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് സാങ്കേതിക വാണിജ്യ നഷ്ടത്തിലൂടെ നഷ്ടമായത്. ഇത് ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ തോതുകളിലൊന്നായിട്ടാണ് കണക്കാക്കുന്നത്. സാങ്കേതിക നഷ്ടം ഒരു പരിധിവരെ മാത്രമേ കുറയ്ക്കുവാൻ കഴിയുകയുള്ളു. വാണിജ്യനഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതാണ്. സാങ്കേതിക വാണിജ്യനഷ്ടം ഓരോ വർഷവും കുറച്ചു കൊണ്ടു വരുന്നതു കൊണ്ട് പുറമേ നിന്നു വാങ്ങുന്ന വൈദ്യുതിയുടെ അളവിൽ അത്രയും കുറവു വരുത്താനാവുകയും അതുവഴി സാമ്പത്തിക ലാഭവും ഉണ്ടാകുന്നുണ്ട്. ആകെ പ്രസരണ വിതരണ നഷ്ടം സാങ്കേതിക കാരണങ്ങളാൽ പൂർണ്ണമായി ഒഴിവാക്കാനാകാത്തതിനാലും, ആയത് 2017-18 ലേയ്ക്ക് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ടാർജറ്റ് ആയ 13.65 ശതമാനത്തിനെക്കാൾ കുറവായതിനാലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. |
| (ഡി) | ഇത് തടയുന്നതിന് പ്രധാന നഗരങ്ങളിലെങ്കിലും ഭൂഗർഭ കേബിൾ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതു വഴി സാങ്കേതിക നഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. ഓവർഹെഡ് ലൈനുകളെ അപേക്ഷിച്ച് നഷ്ടം കുറവാണെങ്കിലും ഇവ സ്ഥാപിക്കുന്നതിനുള്ള ചെലവ് അധികമാണ്. ഓവർഹെഡ് ലൈൻ വലിക്കാൻ സാധിക്കാത്തയിടങ്ങളിലും സുരക്ഷ മുൻനിർത്തി മറ്റ് ആവശ്യഘട്ടങ്ങളിലും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാറുണ്ട്. ദ്യുതി പദ്ധതിയിലും, ഇ-സേഫ് പദ്ധതിയിലും ഉൾപ്പെടുത്തി ഭൂഗർഭ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ചെയ്തു വരുന്നു.<br>നിലവിൽ RAPDRP – പദ്ധതി നടപ്പിലാക്കി വരുന്ന എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരപ്രദേശങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം നടപ്പിലാക്കി വരുന്നു.<br>വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി നാളിതുവരെ നഗരപ്രദേശങ്ങളിൽ 1810 കിലോമീറ്റർ 11 കെ.വി ഭൂഗർഭ കേബിൾ |

സ്ഥാപിച്ച കഴിഞ്ഞു.

| | | |
|---|---|---|
| APDRP | 395 km | പൂർത്തീകരിച്ച പദ്ധതികൾ |
| R-APDRP | 1357 km | |
| IPDS | 58 km | (പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 193 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിൽ 58 കിലോമീറ്റർ സ്ഥാപിച്ച കഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു). |

സെക്ഷൻ ഓഫീസർ